ശ്രീ. പി. കെ. കുഞ്ഞച്ചൻ : പട്ടികജാതിക്കാരിൽനിന്നും കുറെ അധികം ആളുകൾ ക്രിസ്ത്യാനികളായി കൺവെർട്ട്ചെയ്യിട്ടുള്ളതും ഇപ്പോഴും കൺവെർട്ട ചെയ്യുകൊണ്ടിരിക്കുന്നുവെന്നും അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോഴും കൺവെർട്ട ചെയ്യുകൊണ്ടിരിക്കുന്നുവെന്ന് അറിവില്ല.

ശ്രീ. എം. എം. മത്തായി : പട്ടികജാതിക്കാരുടെ കൺവെർഷനെപ്പറ്റി ഇൻഡ്യൻ പ്രധാനമന്ത്രിയുടെ അഭിപ്രായം പത്രങ്ങളിൽനിന്നും അറിഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞിട്ടില്ല.

ശ്രീ. കെ. സി. ജോർജ്ജ് : ഡൽഹിയിൽനിന്നും തിരിച്ചുവന്ന മുഖ്യമന്ത്രി പറഞ്ഞതായ ഉറപ്പ് എന്തുകൊണ്ടു പാലിക്കുന്നില്ല?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുഖ്യമന്ത്രിക്ക് ഡൽഹിയിൽനിന്നും വന്നതിനുശേഷം ഈ കാര്യം വളരെപ്പറ്റി ആലോചിക്കാൻ ഇതുവരെ സമയം കിട്ടിയിട്ടില്ല.

Births and Deaths

* 218. (a) [31] SHRI P. V. AVIRA THARAKAN : Will the Minister for Health be pleased to state :

(a) the number of deaths in 1950-51 and 1954-55 by

Influenza
Dysentery
Small-pox
Cholera
Typhoid
T. B.

(b) the measures taken by Government to check the diseases?

Minister for Health (SHRI A. A. RAHIM):

(a) The number of deaths.	1950-51	1954-55
Influenza	(not compiled separately)	32
Dysentery	5461	1462
Small-pox	339	159
Cholera	353	4
Typhoid	1184	648
T. B.	5045	2674

(b) പ്രിവെൻറിവ് മെഷേഴ്സ് എടുത്തിട്ടുണ്ട്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഇതിനോടുകൂടി ഓരോ രോഗവും പിടിപെട്ടിട്ടുള്ള ആളുകളുടെ ജാതിതിരിച്ചുള്ള ഒരു പട്ടികകൂടി പറയാൻ മനസ്സുണ്ടാകുമോ ?

(ഉത്തരമില്ല.)

LIBRARY ARCHIVES Kerala Legislative Assembly